# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തേഴ്

## ഉപസംഹാരം

Sat വെളിപ്പാട് 22:6-21 ഈ പുസ്തകത്തിന്റെ ഉപസംഹാരമാണ്. ഈ ഉപസംഹാരത്തിൽ കാണുന്ന വിവിധ കാര്യങ്ങളെ ഈ ദൂതിൽ നമുക്കു ചിന്തിക്കാം.

വാക്യം 6 പറയുന്നു, "അവൻ എന്നോട്, ഈ വചനം വിശ്വാസ്യവും സത്യവും ആകുന്നു; പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവ്, വേഗത്തിൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ തന്റെ അടിമകളെ കാണിക്കുവാൻ തന്റെ ദൂതനെ അയച്ചു." ഈ പുസ്തകത്തിലുള്ളത് കാണിച്ചുകൊടുപ്പാൻ തന്റെ ദൂതനെ അയച്ചവനായ പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവ് നമ്മുടെ കർത്താവായ യേശു ആണ് (1:1; 22:16). വാക്യം 16 പറയുന്നു, "യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി ഈ കാര്യങ്ങളെ നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ എന്റെ ദൂതനെ അയച്ചിരിക്കുന്നു." ഈ പുസ്തകത്തിന്റെ സാക്ഷ്യം സഭകൾക്കുവേണ്ടി കർത്താവായ യേശുവിനാൽ നൽകപ്പെട്ടതായിരുന്നു. അതുകൊണ്ട്, അതിനെ ഗ്രഹിക്കുവാനും കാത്തുകൊള്ളുവാനുമായി നാം സഭകളിലും സഭകൾക്കുവേണ്ടിയും ആയിരിക്കേണ്ടത് ആവശ്യമാണ്.

ഈ പുസ്തകത്തിൽ ദൈവമായ കർത്താവിനെ പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവം എന്നു വിളിച്ചിരിക്കുന്നു. ഈ പുസ്തകത്തിലെ എല്ലാ പ്രവചനങ്ങളും പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള പ്രവാചകന്മാരുടെ ആത്മാക്കളെ പ്രചോദിപ്പിച്ച അതേ ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ പ്രവചനങ്ങൾ പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ളവയോടു ബന്ധപ്പെട്ടിരിക്കുന്നുവെന്നും ഇത് സൂചിപ്പിക്കുന്നു: അവയെല്ലാം ദൈവത്തിന്റെ പ്രചോദനത്തിൻകീഴിൽ തങ്ങളുടെ ആത്മാവിൽ പ്രവാചകന്മാർ സംസാരിച്ചതായിരുന്നു. ഇക്കാരണത്താൽ, ഈ പ്രവചനങ്ങൾ ഗ്രഹിക്കുന്നതിന് നാമും ദൈവത്തിന്റെ അഭിഷേകത്തിൻകീഴിൽ നമ്മുടെ ആത്മാവിൽ ആയിരിക്കേണ്ടത് ആവശ്യമാണ്.

## I. കർത്താവു വേഗം വരുന്നു എന്ന മുന്നറിയിപ്പ്

കർത്താവു വേഗം വരുന്നുവെന്ന മുന്നറിയിപ്പ് നമുക്ക് 7, 12, 20 എന്നീ വാക്യങ്ങളിൽ ഉണ്ട്. ഈ ഓരോ വാക്യത്തിലും കർത്താവായ യേശു പറഞ്ഞു, "ഞാൻ വേഗം വരുന്നു." ഇതാണ് കർത്താവിന്റെ മുന്നറിയിപ്പ്. ഈ മുന്നറിയിപ്പിന് നാം ശ്രദ്ധ നല്കുന്നുവെങ്കിൽ, നാം അനുഗ്രഹിക്കപ്പെടും; അല്ലെങ്കിൽ, നാം അനുഗ്രഹം നഷ്ടപ്പെടുത്തും. പത്തൊമ്പതിലധികം നൂറ്റാണ്ടുകളായി കർത്താവ് സാഹചര്യത്തെ സഹിച്ചുവരുന്നതുകൊണ്ട് അവൻ മടങ്ങിവരുവാൻ താമസിക്കുന്നു എന്നു വിചാരിക്കരുത്. ഇന്നത്തെ ലോകസാഹചര്യത്തെ നോക്കുക. അടുത്ത ചില ദിവസങ്ങൾക്കുള്ളിൽ എന്തു സംഭവിക്കുമെന്ന് നമുക്കറിയില്ല. ഈ യുഗത്തിൽ, കാര്യങ്ങൾ വളരെ വേഗത്തിൽ സംഭവിക്കുന്നു. അതുകൊണ്ട്, നാം പ്രാർഥിക്കുകയും ജാഗ്രതയുള്ളവരായിരിക്കുകയും വേണം. നാം ആത്മാവിലും നമ്മുടെ ദൈനംദിന ജീവിതത്തിലും ഒരുക്കമുള്ളവരായിരിക്കുകയും വേണം. നാം ജാഗ്രതയുള്ളവരും, പ്രാർഥിക്കുന്നവരും, ഒരുക്കമുള്ളവരുമായ ജനമായിരിക്കുവാൻ കർത്താവു നമ്മെ പൊതിഞ്ഞുകൊള്ളട്ടെ.

## II. ഈ പുസ്തകത്തിലെ പ്രവചനത്തിന്റെ വചനങ്ങൾ കാക്കുന്നതിന്റെ അനുഗ്രഹം

"ഈ ചുരുളിലെ പ്രവചനത്തിന്റെ വചനങ്ങൾ കാക്കുന്നവൻ അനുഗൃഹീതനാകുന്നു" എന്നും വാക്യം 7-ൽ കർത്താവു പറഞ്ഞു. ഈ പ്രവചനത്തിന്റെ വചനങ്ങൾ നാം കാക്കുന്നുവെങ്കിൽ, നാം അനുഗ്രഹിക്കപ്പെടുമെന്ന് ഇവിടെ കർത്താവ് വ്യക്തമായി നമ്മോടു പറയുന്നു. വളരെ സമാനമായ വാക്ക് 1:3-ൽ കർത്താവു സംസാരിച്ചു. അവിടെ കർത്താവു പറഞ്ഞു, "ഈ പ്രവചനത്തിന്റെ വചനങ്ങൾ വായിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ കാക്കുന്നവരും അനുഗൃഹീതർ." ഈ പുസ്തകം എഴുതപ്പെട്ടിരിക്കുന്നത് മുഖ്യമായും തന്റെ ജനത്തിന്റെമേലുള്ള ദൈവത്തിന്റെ അനുഗ്രഹത്തിനു വേണ്ടിയാണ്. ഈ അനുഗ്രഹത്തിൽ നാം പങ്കുള്ളവരാണോ അല്ലയോ എന്നത് ഈ പുസ്തകത്തിലെ വചനങ്ങളോട് നാം എങ്ങനെ ഇടപെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഈ വചനങ്ങൾ നാം സ്വീകരിക്കുകയും അവയെ കാക്കുകയും വേണം. അങ്ങനെ ചെയ്യുന്നവർ അനുഗ്രഹിക്കപ്പെടും.

## III. ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുതെന്ന മുന്നറിയിപ്പ്

വാക്യം 10 പറയുന്നു, "അവൻ എന്നോടു പറഞ്ഞു, ഈ

ചുരുളിലെ പ്രവചനത്തിന്റെ വചനങ്ങളെ മുദ്രയിടരുത്, സമയം അടുത്തിരിക്കുന്നു." അന്ത്യകാലത്തിനു വളരെ മുമ്പെ നല്കപ്പെട്ടവയായതുകൊണ്ട് ദാനീയേലിന്റെ പ്രവചനങ്ങൾ മുദ്രയിടപ്പെട്ടിരുന്നു: എന്നാൽ സമയം അടുത്തിരിക്കുന്നതുകൊണ്ട് ഈ പുസ്തകത്തിലെ പ്രവചനങ്ങൾ മുദ്രയിടരുത്. മുദ്രയിടുന്നതിനുപകരം, വെളിപ്പാട് പുസ്തകം സ്ഥിരമായി നമുക്കും മറ്റുള്ളവർക്കും തുറന്നിരിക്കണം. എന്നാൽ നൂറ്റാണ്ടുകളോളം ഈ പുസ്തകം അടഞ്ഞിരിക്കുകയും, വേദപുസ്തകത്തിലെ ശേഷിക്കുന്ന പുസ്തകങ്ങളോടൊപ്പം ഇതിനെ റോമൻ കത്തോലിക്കാസഭ ജനത്തിൽനിന്നും മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. മാർട്ടിൻ ലൂഥറിലൂടെ വേദപുസ്തകം ജനത്തിന് ലഭ്യമായെങ്കിലും, അതിൽനിന്ന് അധികമൊന്നും അവർക്ക് തുറക്കപ്പെട്ടിരുന്നില്ല. ഈ ജീവ-പഠനത്തിലെ ദൂതുകളെല്ലാം വായിച്ചശേഷം വെളിപ്പാട് പുസ്തകം നമുക്ക് അടഞ്ഞിരിക്കുന്നുവെന്ന് ഇനി പറയുവാൻ നമുക്ക് കഴിയുകയില്ല. ഈ പുസ്തകം വാസ്തവമായും വിശുദ്ധന്മാർക്ക് തുറക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, നിങ്ങൾക്കോ മറ്റുള്ളവർക്കോ ഈ പുസ്തകം അടയ്ക്കപ്പെട്ടിരിക്കുവാൻ ഇടയാക്കരുത്. മറിച്ച്, നിങ്ങൾ ഈ പ്രവചനത്തിന്റെ ഓരോ വശത്തിലേക്കും പ്രവേശിച്ചുകൊണ്ടും ഒഴുക്കിലേക്ക് ആഴ്ന്നിറങ്ങിക്കൊണ്ടും ഈ പുസ്തകം തുറന്നുവച്ചിരിക്കണം. ഈ പുസ്തകത്തിന്റെ വചനത്തിൽ നാം എത്രയധികം ജീവിക്കുന്നുവോ, അത്രയുമധികം ഇത് നമുക്ക് തുറന്നിരിക്കും. നാം ഇത് ചെയ്യുന്നുവെങ്കിൽ, വെളിപ്പാട് പുസ്തകം നമുക്കും, നമ്മുടെ കുടുംബത്തിനും, നമുക്കു ചുറ്റുമുള്ള സകല ജനത്തിനും തുറന്നിരിക്കും.

വാക്യം 11 പറയുന്നു, "അനീതി പ്രവൃത്തിക്കുന്നവൻ ഇനിയും അനീതി പ്രവൃത്തിക്കട്ടെ; മലിനമായിരിക്കുന്നവൻ ഇനിയും മലിനമാകട്ടെ; നീതിമാൻ ഇനിയും നീതി പ്രവൃത്തിക്കട്ടെ; വിശുദ്ധൻ ഇനിയും വിശുദ്ധനാകട്ടെ." ഒരുവൻ അനീതിയുള്ളവനോ നീതിമാനോ, മലിനമായവനോ വിശുദ്ധനോ എന്നത് ഈ പുസ്തകത്തിന്റെ കാലത്തിൽ ഗൗരവകരമായ ഒരു കാര്യമാണ്. നീതിമാനായിരിക്കുന്നത് പുറമെ ദൈവത്തിന്റെ നീതിയുള്ള വഴികൾക്കനുസരിച്ച് നടക്കുന്നതും, വിശുദ്ധനായിരിക്കുന്നത് അകമെ ദൈവത്തിന്റെ വിശുദ്ധപ്രകൃതത്തിനനുസരിച്ച് ജീവിക്കുന്നതും ആണ്. ഈ പുസ്തകത്തിന്റെ കാലത്തിൽ, നാം പ്രതിഫലം പ്രാപിക്കേണ്ടതിന് ഈ വഴിയിൽ നടക്കുകയും ജീവിക്കുകയും വേണം; അല്ലെങ്കിൽ, അനീതിയുള്ളവനും മലിനമായവനും എന്ന നിലയിൽ നാം ശിക്ഷവിധിക്കപ്പെടുകയും കർത്താവിന്റെ മടങ്ങിവരവിൽ ശിക്ഷ പ്രാപിക്കുകയും ചെയ്യും (വാ. 12).

തന്നെത്താൻ കഠിനപ്പെട്ടിരിക്കുന്നവനും, തനിക്ക് ഈ പുസ്തകം തുറക്കാതിരിക്കുകയോ ഈ പുസ്തകത്തിന് തന്നെത്തന്നെ തുറക്കാതിരിക്കുകയോ ചെയ്യുന്നവനും തന്റെ പരിതാപകരമായ

അവസ്ഥയിൽ തുടരും. അവൻ അനീതിയുള്ളവനും മലിനമായ വനുമാണെങ്കിൽ, അവൻ അനീതിയും മലിനതയും ഉള്ളവനായി തുടരും. എന്നാൽ നിങ്ങൾ നീതിമാനും വിശുദ്ധനുമായിരിക്കുകയും, ഈ പുസ്തകത്തിന് നിങ്ങളെത്തന്നെ തുറന്നുവയ്ക്കുകയും ഈ പുസ്തകം നിങ്ങൾക്കു തുറന്നിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ നീതിമാനും വിശുദ്ധനുമായി തുടരും. നിങ്ങൾ ഈ വചനം നിങ്ങൾക്ക് തുറന്നുവച്ചിരിക്കുന്നുവെങ്കിൽ നിങ്ങൾ തുടർമാനമായി കൂടുതൽ വിശുദ്ധനും നീതിമാനും ആയിത്തീരുമെന്നാണ് ഇത് അർഥമാക്കുന്നത്. എന്നാൽ നിങ്ങൾ ഇത് തുറന്നു വയ്ക്കുന്നില്ലെങ്കിൽ, ന്യായവിധിയുടെ സമയം വരുന്നതുവരെ ആ പരിതാപകരമായ സാഹചര്യത്തിൽ തുടർന്നുകൊണ്ട്, നിങ്ങൾ കൂടുതൽ അനീതിയുള്ളവനും കൂടുതൽ മലിനത ഉള്ളവനുമായിത്തീരും.

## IV. കർത്താവിന്റെ പ്രതിഫലത്തെ സംബന്ധിച്ച മുന്നറിയിപ്പ്

വാക്യം 12 പറയുന്നു, "ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിക്കൊടുക്കുവാൻ എന്റെ പക്കൽ എന്റെ പ്രതിഫലമുണ്ട്." "ഞാൻ വേഗം വരുന്നു" എന്നത് അവന്റെ മടങ്ങിവരവിൽ അവന്റെ പ്രതിഫലത്തെ നാം പരിഗണിക്കേണ്ടതിനുള്ള കർത്താവിന്റെ ആവർത്തിച്ചുള്ള മുന്നറിയിപ്പാണ്. *പ്രതിഫലം* എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദം അർഥമാക്കുന്നത് "കൂലി" എന്നാണ്. കർത്താവിന്റെ വരവിൽ ഈ പ്രതിഫലം വിശ്വാസികളിൽ ഓരോരുത്തന്നും, അവരുടെ ഉൾപ്രാപണത്തിനുശേഷം, ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽവച്ച് നല്കപ്പെടുന്നതായിരിക്കും (2 കൊരി. 5:10; 1 കൊരി. 4:5; റോമ. 14:10; മത്താ. 16:27).

വാക്യം 13 പറയുന്നു, "ഞാൻ ആൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു." ഈ പുസ്തകത്തിന്റെ അവസാനത്തുള്ള കർത്താവിന്റെ പ്രഖ്യാപനം ഈ പുസ്തകത്തിന്റെ ആരംഭത്തിൽ ദൈവം പ്രഖ്യാപിച്ചതിനോട് ചേർന്നുവരുന്നു (1:8). കർത്താവായ യേശു സാക്ഷാൽ ദൈവമാണെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു. നാം സേവിക്കുന്ന കർത്താവ് ആൽഫയും ഒമേഗയും ആണ്. അവൻ ആദ്യത്തെ അക്ഷരവും, അവസാനത്തെ അക്ഷരവും, അവയ്ക്കിടയിലെ എല്ലാ അക്ഷരങ്ങളും ആണ്. ഈ പുസ്തകത്തിൽ അവനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നതെല്ലാം നിവർത്തിക്കുവാൻ അവൻ പ്രാപ്തിയുള്ളവനും യോഗ്യതയുള്ളവനും ആണെന്ന് ഇത് അർഥമാക്കുന്നു. "ഈ ദർശനം ആശ്ചര്യകരമാണ്, എന്നാൽ എനിക്ക് ഇത് വളരെ ഉയർന്നതാണ്. എനിക്ക് ഇതു നേടുവാൻ കഴിയുകയില്ല" എന്നു പറഞ്ഞുകൊണ്ട് നാം ഒഴികഴിവു പറഞ്ഞു

മാറരുത്. കർത്താവ് തന്റെ വചനത്തിന് പിന്തുണ നൽകുവാനും നിർവഹിക്കുവാനും ആൽഫയും ഒമേഗയും ആണ്. അവന്റെ വചനത്തിൽ വിശ്വസിക്കുവാൻ നമ്മുടെ മുഴുവൻ ആളത്തത്തെയും നാം പ്രയോഗിക്കണം. നിങ്ങളെത്തന്നെ നോക്കുകയോ, നിങ്ങളിൽത്തന്നെ ആശ്രയിക്കുകയോ, നിങ്ങളത്തന്നെ പരിഗണിക്കുകയോ ചെയ്യരുത്. നാം ആരും ഒന്നുമല്ല. നാം നമ്മെത്തന്നെ നോക്കുകയാണെങ്കിൽ, നാം യാതൊന്നും ചെയ്യുവാൻ പ്രാപ്തരായിരിക്കുകയില്ല. അതുകൊണ്ട്, നമ്മുടെ കണ്ണുകളെ നാം അവനിലേക്കു തിരിക്കുകയും, അവന്റെമേൽ നമ്മുടെ കണ്ണുകൾ പതിപ്പിക്കുകയും, അവന്റെ വചനത്തിൽ വിശ്വസിക്കുകയും വേണം. അവന്റെ വചനം നമ്മെക്കാൾ എത്ര വിദൂരമാണെങ്കിലും, അവൻ പറയുന്നതിനൊക്കെയും നാം "ആമേൻ" പറയണം. നാം അവന്റെ വചനത്തിന് "ആമേൻ" പറയുമ്പോഴെല്ലാം നാം ബലപ്പെടുത്തപ്പെടുകയും നമുക്ക് ജീവനുള്ള വിശ്വാസം ഉണ്ടായിരിക്കുകയും ചെയ്യും. വിശ്വാസം നമ്മിൽനിന്ന് ഉത്ഭവിക്കുന്നതല്ല; അത് അവനിൽനിന്നു വരുന്നു. നാം സകല കാര്യത്തിൽനിന്നും അവനിലേക്ക് നോക്കുന്നുവെങ്കിൽ, നാം അവനെ നമ്മുടെ ആൽഫയായും, നമ്മുടെ ഒമേഗയായും, നമ്മുടെ എല്ലാമായും ആസ്വദിക്കും. ഈ പുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്തതെല്ലാം അവൻ തീർച്ചയായും നിവർത്തിക്കും. നാം ചെയ്യുവാനുള്ളത് അവനിൽ വിശ്വാസം അർപ്പിക്കുക മാത്രമാണ്.

വാക്യം 13 അനുസരിച്ച്, കർത്താവായ യേശു ഒന്നാമൻ മാത്രമല്ല, ആദിയും ആണ്; അവൻ ഒടുക്കത്തവൻ മാത്രമല്ല, അന്തവും ആണ്. അവനുമുമ്പ് ആരുമില്ലെന്ന് ഒന്നാമനും, അവനുശേഷം ആരുമില്ലെന്ന് ഒടുക്കത്തവനും സൂചിപ്പിക്കുമ്പോൾ, അവനാകുന്നു സകല കാര്യങ്ങളുടെയും ഉത്ഭവമെന്ന് ആദിയും, അവനാകുന്നു സകല കാര്യങ്ങളുടെയും പരിണതിയെന്ന് അന്തവും അർഥമാക്കുന്നു. ഇക്കാരണത്താൽ, കർത്താവായ യേശുവിനു മുമ്പോ പിമ്പോ യാതൊന്നും ഇല്ല എന്നു മാത്രമല്ല, അവനെക്കൂടാതെ ഉത്ഭവമോ പരിണതിയോ ഇല്ല എന്നുമാണ് ഇവിടെ സൂചിപ്പിക്കുന്നത്. നമുക്കു വാഗ്ദത്തം നല്കുവാനും, നമ്മെ ഉത്സാഹിപ്പിക്കുവാനും, ബലപ്പെടുത്തുവാനും കർത്താവ് ശക്തനാണെന്ന് ഇത് നമുക്ക് ഉറപ്പുതരുന്നു. ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം അവൻ നിവർത്തിക്കും.

കർത്താവ് നമുക്ക് സകലതും ആയതുകൊണ്ടും, അവൻ അത്രമാത്രം ബലവാനായതുകൊണ്ടും, "ഓ, ഞാൻ ബലഹീനനും, എന്റെ കുടുംബസാഹചര്യം പ്രയാസമുള്ളതും, എന്റെ പരിതസ്ഥിതി എനിക്കെതിരും ആണ്" എന്നു പറഞ്ഞുകൊണ്ട് നാം ഒഴികഴിവു പറഞ്ഞു മാറരുത്. നമ്മുടെ പരിതസ്ഥിതി പ്രയാസമായിരിക്കുന്തോറും, കർത്താവ് നമുക്ക് അധികം സമ്പന്നനായിരിക്കും.

നമ്മുടെ സാഹചര്യം ക്ലേശിപ്പിക്കുന്നതായിരിക്കുന്തോറും, കർത്താവ് നമുക്ക് അധികം ബലവാനായിരിക്കും. ഈ സർവവും ഉൾക്കൊള്ളുന്നവനിൽ, ആൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും ആദിയും അന്തവും ആയവനിൽ, നമ്മുടെ വിശ്വാസം നാം പ്രയോഗിക്കണം. അവന്റെ പക്കൽ യാതൊരു പ്രശ്നങ്ങളും ഇല്ല. അങ്ങനെ, നാം അവനിലേക്ക് ആഴ്ന്നിറങ്ങുകയും, അവനിൽ വിശ്വസിക്കുകയും, അവനിൽ വിശ്രമിക്കുകയും വേണം.

## V. ജീവവൃക്ഷത്തെയും വിശുദ്ധനഗരത്തെയും സംബന്ധിച്ച് വാഗ്ദത്തം നല്കുന്നു

14-ഉം 19-ഉം വാക്യങ്ങളിൽ നമുക്ക് ജീവവൃക്ഷത്തോടും വിശുദ്ധനഗരത്തോടും ബന്ധപ്പെട്ട കർത്താവിന്റെ വാഗ്ദത്തങ്ങളുണ്ട്. ജീവവൃക്ഷം ജീവസഹായത്തിനുവേണ്ടിയാണ്, വിശുദ്ധനഗരം വസിക്കുവാനും സേവിക്കുവാനും വേണ്ടിയാണ്.

## VI. പാപികളുടെ നാശത്തെ സംബന്ധിച്ച മുന്നറിയിപ്പ്

വാക്യം 15 പറയുന്നു, "നായ്ക്കളും ആഭിചാരകന്മാരും പരസംഗക്കാരും കൊലപാതകന്മാരും വിഗ്രഹാരാധികളും കളവു സ്നേഹിക്കുകയും പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തുതന്നെ." "പുറത്ത്" എന്നത് നഗരത്തിനുപുറത്ത്, നശിച്ചുപോയ സകല പാപികളെയും സൂക്ഷിക്കുന്ന തീപ്പൊയ്ക ഉള്ളിടം എന്നർഥം. മലിനമായവരും, പാപികളുമായ സകലരെയും സാർവത്രിക "ചവറ്റുകൊട്ട" എന്ന തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയും. നമുക്കെല്ലാവർക്കും ഇത് താക്കീതായിരിക്കണം.

## VII. കർത്താവ് ദാവീദിന്റെ വേരും സന്തതിയും ശുഭ്രമായ ഉദയനക്ഷത്രവും ആണെന്ന് സാക്ഷീകരിക്കുന്നു

വാക്യം 16-ൽ യേശു പറഞ്ഞു, "ഞാൻ ദാവീദിന്റെ വേരും സന്തതിയും, ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു." തന്റെ ദിവ്യത്വത്തിൽ, ക്രിസ്തു ദാവീദിന്റെ ഉറവിടമായ ദാവീദിന്റെ വേരാണ്; തന്റെ മനുഷ്യത്വത്തിൽ, ക്രിസ്തു ദാവീദിന്റെ ഫലമായ, ദാവീദിന്റെ സന്തതിയാണ്. ഇക്കാരണത്താൽ, വേരെന്ന നിലയിൽ അവൻ കർത്താവും, സന്തതിയെന്ന നിലയിൽ, അവൻ ദാവീദിന്റെ കൊമ്പായ ദാവീദിന്റെ വംശവുമാണ് (മത്താ. 22:42-45; റോമ. 1:3; യിരെ. 23:5).

തന്റെ മടങ്ങിവരവിൽ ക്രിസ്തു തന്റെ ജനത്തിന് പൊതുവായി സൂര്യനായിരിക്കുകയും (മലാ. 4:2), എന്നാൽ തന്റെ ഉണർന്നിരിക്കുന്ന പ്രണയിനികൾക്ക് പ്രത്യേകമായി ഉദയനക്ഷത്രമായിരിക്കുകയും ചെയ്യും. ഇത് ജയാളികൾക്കുള്ള ഒരു

പ്രതിഫലമായിരിക്കും (2:28). ദാവീദിന്റെ വേരും സന്തതിയുമെന്ന നിലയിൽ ക്രിസ്തു യിസ്രായേലിനോടും രാജ്യത്തോടും ബന്ധപ്പെട്ടിരിക്കുമ്പോൾ, അവൻ ശുഭ്രമായ ഉദയനക്ഷത്രമായിരിക്കുന്നത് സഭയോടും ഉൾപ്രാപണത്തോടുമുള്ള ബന്ധത്തിലാണ്. ഉദയനക്ഷത്രം പ്രത്യക്ഷപ്പെടുന്നത് ഇരുണ്ട നാഴികയ്ക്കുമുമ്പ്, അരുണോദയത്തിനുമുമ്പ്, ആണ്. മഹോപദ്രവമായിരിക്കും ഈ ഏറ്റവും ഇരുണ്ട നാഴിക, അതിനുശേഷം രാജ്യമെന്ന പകൽ ഉദിക്കും. രാജ്യത്തിൽ, കർത്താവ് തന്റെ ജനത്തിന് പരസ്യമായി സൂര്യനെന്ന നിലയിൽ പ്രത്യക്ഷനാകും; എന്നാൽ മഹോപദ്രവത്തിനുമുമ്പ്, അവൻ രഹസ്യമായി തന്റെ ജയാളികൾക്ക് ഉദയനക്ഷത്രമായി പ്രത്യക്ഷനാകും.

Mon

## VIII. ആത്മാവും മണവാട്ടിയും കർത്താവിന്റെ വചനത്തോട് പ്രതികരിക്കുന്നു

വാക്യം 17 പറയുന്നു, "വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ." രണ്ടും മൂന്നും അധ്യായങ്ങളിൽ ആത്മാവായിരുന്നു സഭകളോടു സംസാരിച്ചത്; ഇവിടെ, പുസ്തകത്തിന്റെ അന്ത്യത്തിൽ, ആത്മാവും സഭ എന്ന മണവാട്ടിയും ഒരുമിച്ച് ഒന്നായി സംസാരിക്കുന്നു. ആത്മാവിനെ അനുഭവമാക്കുന്നതിൽ സഭയുടെ പുരോഗതിയെ ഇതു സൂചിപ്പിക്കുന്നു.

വാക്യം 16-ലെ കർത്താവിന്റെ വാക്കിനോടും, 7-ഉം 12-ഉം വാക്യങ്ങളിലുള്ള അവന്റെ ആവർത്തിച്ചുള്ള മുന്നറിയിപ്പിനോടുമുള്ള ആത്മാവിന്റെയും മണവാട്ടിയുടെയും പ്രതികരണമാണ് "വരിക" എന്നത്. ഇത് കർത്താവിന്റെ വരവിനുവേണ്ടിയുള്ള വാഞ്ഛയാണ്. ഈ പ്രതികരണം കേൾക്കുന്നവരും "വരിക" എന്നു പറയുകയും, അങ്ങനെ കർത്താവിന്റെ വരവിനുവേണ്ടിയുള്ള ഒരു കൂട്ടായ വാഞ്ഛ പ്രകടിപ്പിക്കുകയും വേണം. കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ചിരിക്കുന്ന എല്ലാ വിശ്വാസികളും (2 തിമൊ. 4:8) ഇങ്ങനെയുള്ള ഒരു കൂട്ടായ വാഞ്ഛ പ്രകടമാക്കണം.

വാക്യം 17-നു മുമ്പുള്ള വാക്യങ്ങളിൽ കർത്താവിന്റെ വാക്കുണ്ട്. ഇപ്പോൾ വാക്യം 17-ൽ ആത്മാവും മണവാട്ടിയും അവന്റെ വാക്കിനോടു പ്രതികരിക്കുന്നു. അവരുടെ പ്രതികരണം കർത്താവിന്റെ വരവിനുവേണ്ടിയുള്ള അവരുടെ ഹൃദയത്തിന്റെ വാഞ്ഛയാണ്. ആത്മാവും മണവാട്ടിയും പറഞ്ഞ "വരിക" എന്ന വാക്ക് തീർച്ചയായും കർത്താവിനോടു സംസാരിച്ചതാണ്. ആത്മാവും മണവാട്ടിയും ഒന്നായി സംസാരിക്കുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത് അവർ ഒന്നായിത്തീർന്നിരിക്കുന്നു എന്നാണ്.

രണ്ടും മൂന്നും അധ്യായങ്ങളിൽ ആത്മാവ് സംസാരിക്കുന്നവനും, സഭകൾ ആത്മാവിന്റെ സംസാരത്തിന്റെ സ്വീകരണികളും ആയിരുന്നു. എന്നാൽ പുസ്തകത്തിന്റെ അന്ത്യത്തിൽ ആത്മാവും മണവാട്ടിയും, മണവാട്ടിയും ആത്മാവും ഒന്നായിത്തീർന്നിരിക്കുന്നു. സഭ ഇനിമേൽ ദിവ്യ അരുളപ്പാടുകളുടെ വെറും സ്വീകരണിയല്ല: അവൾ ദിവ്യസംഭാഷകനോടുകൂടെ ഒന്നായിത്തീർന്നിരിക്കുന്നു.

*വരിക* എന്ന പദം ഈ വാക്യത്തിൽ മൂന്നു പ്രാവശ്യം കാണാം. ഒന്നാമത്തെ പ്രാവശ്യം ഈ പദം കർത്താവായ യേശുവിന്റെ മടങ്ങിവരവിനെ പരാമർശിക്കുന്നു. നാം കണ്ടതുപോലെ, ഇത് ആത്മാവും മണവാട്ടിയും പറഞ്ഞതാണ്. എന്നാൽ, ആത്മാവും മണവാട്ടിയും ഇതു പറയുന്നതു കേൾക്കുന്നവൻ, "വരിക!" എന്നു പറയുന്നതിൽ ചേരുന്നു. ഒരുവശത്ത്, ആത്മാവും മണവാട്ടിയും കർത്താവ് വരുമെന്ന് വാഞ്ഛിക്കുകയും, മറുവശത്ത്, ദാഹിക്കുന്ന പാപിയും തന്റെ തൃപ്തിക്കുവേണ്ടി ജീവജലം സ്വീകരിക്കുവാൻ വരുമെന്ന് കാംക്ഷിക്കുകയും ചെയ്യുന്നു. നമുക്ക് കർത്താവിന്റെ വരവിനുവേണ്ടിയുള്ള ആത്മാർഥമായ ഒരു വാഞ്ഛ ഉണ്ടായിരിക്കുമ്പോൾ, നമുക്ക് പാപികളുടെ രക്ഷയ്ക്കുവേണ്ടിയുള്ള വാസ്തവമായ ഉത്കണ്ഠയും ഉണ്ടായിരിക്കും. അതുകൊണ്ട്, ഈ വാക്യത്തിലെ "വരിക" എന്നു മൂന്നാമതു പറഞ്ഞിരിക്കുന്നത് മാനസാന്തരപ്പെടുന്ന പാപികളുടെ വരവിനെ പരാമർശിക്കുന്നു. ദാഹിക്കുന്നവനെല്ലാം, ജീവജലം സൗജന്യമായി സ്വീകരിക്കുവാൻ വരട്ടെ. തന്മൂലം, ഈ വാക്യം മൂന്നു കാര്യങ്ങളെക്കുറിച്ച് പറയുന്നു: ആത്മാവിന്റെയും മണവാട്ടിയുടെയും പ്രതികരണവും: ആത്മാവിന്റെയും മണവാട്ടിയുടെയും പ്രഖ്യാപനം കേൾക്കുന്നവന്റെ വാക്കും; വന്ന് ജീവജലം കുടിക്കുന്നതിനായി, രക്ഷിക്കപ്പെടാത്തവനായ ദാഹിക്കുന്ന പാപിക്കായുള്ള വാഞ്ഛയും.

കർത്താവിന്റെ മടങ്ങിവരവിനുവേണ്ടിയുള്ള വാഞ്ഛ നമുക്കുണ്ടെങ്കിൽ, മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി നാം ഉത്കണ്ഠയുള്ളവരായിരിക്കുമെന്ന് വാക്യം 17 ശക്തമായി ധ്വനിപ്പിക്കുന്നു. കർത്താവായ യേശുവിന്റെ മടങ്ങിവരവ് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങൾക്ക് അതുണ്ടെങ്കിൽ, ഈ ആഗ്രഹം മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി നിങ്ങളുടെ ഉള്ളിൽ ഒരു ഉത്കണ്ഠ ഇളക്കിവിടും. "കർത്താവായ യേശുവേ, വരേണമേ" എന്നു നിങ്ങൾ പറയുമ്പോൾ, നിങ്ങളുടെ മാതാപിതാക്കൾക്കും, നിങ്ങളുടെ മച്ചുനന്മാർക്കും, നിങ്ങളുടെ അയൽവാസികൾക്കും, നിങ്ങളുടെ സഹപാഠികൾക്കും, നിങ്ങളുടെ കൂട്ടുകാർക്കും വേണ്ടിയുള്ള ഒരു ഭാരം നിങ്ങളുടെ ഉള്ളിൽ ഉയരും. ഈ ദൂതുകളെല്ലാം നിങ്ങൾ വായിച്ചതിനുശേഷം കർത്താവിന്റെ മടങ്ങിവരവിനു വേണ്ടിയുള്ള ശക്തമായ ഒരു വാഞ്ഛ നിങ്ങൾക്കുണ്ടായിരിക്കാം. ഈ വാഞ്ഛ മറ്റുള്ളവരുടെ രക്ഷയെക്കുറിച്ച് ഉത്കണ്ഠയുള്ളവരാകുവാൻ

നിങ്ങളെ ഇടയാക്കും എന്ന് എനിക്ക് പൂർണ്ണ നിശ്ചയമുണ്ട്. "വരിക" എന്ന് കർത്താവിനോട് നിങ്ങൾ പറയുകയും, അവിശ്വാസികളിലേക്ക് തിരിഞ്ഞുകൊണ്ട്, "കർത്താവായ യേശു വരുന്നു. നിങ്ങളും വരുകയില്ലേ? വന്ന് രക്ഷിക്കപ്പെടുക. വരുന്നവനായ രക്ഷകനെ എതിരേൽക്കുവാൻ നിങ്ങൾ ഒരുക്കമുള്ളവനായിരിക്കേണ്ടതിന് വന്ന് നിങ്ങളുടെ രക്ഷയെ സ്വീകരിക്കുക" എന്നു നിങ്ങൾ പറയുകയും ചെയ്യും. വാക്യം 17-ന്റെ ശരിയായ ഗ്രാഹ്യം ഇതാണെന്ന് നമ്മുടെ അനുഭവം സാക്ഷീകരിക്കുന്നു.

## IX. ജീവജലത്തെ സംബന്ധിച്ച വിളി

"ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ" എന്നും വാക്യം 17 പറയുന്നു. ഇത് ദാഹിക്കുന്നവർ ജീവജലം സൗജന്യമായി കുടിക്കുന്നതിനുള്ള ഒരു വിളിയാണ്. ഈ വാക്യത്തെ വാക്യം 14-മായി നാം താരതമ്യം ചെയ്യുന്നുവെങ്കിൽ, വാക്യം 17-ൽ നമുക്കൊരു വിളിയുണ്ടെന്നും വാക്യം 14-ൽ നമുക്കൊരു വാഗ്ദത്തം ഉണ്ടെന്നും നാം കാണും. അങ്ങനെ വെളിപ്പാട് പുസ്തകം ഒരു വാഗ്ദത്തത്തോടും ഒരു വിളിയോടുംകൂടെ അവസാനിപ്പിക്കുന്നു. വാഗ്ദത്തം ജീവവൃക്ഷത്തിന്റെ വാഗ്ദത്തവും വിളി ജീവജലത്തിലേക്കുള്ള വിളിയും ആണ്.

## X. ഈ പ്രവചനപുസ്തകത്തിന്റെ വചനത്തിൽനിന്നും എടുത്തുകളയരുതെന്ന മുന്നറിയിപ്പ്

വാക്യം 18-ഉം 19-ഉം പറയുന്നു, "ഈ ചുരുളിലെ പ്രവചനത്തിന്റെ വചനങ്ങൾ കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷ്യപ്പെടുത്തുന്നു: ആരെങ്കിലും അവയോട് കൂട്ടിച്ചേർത്താൽ, ഈ ചുരുളിൽ എഴുതിയിരിക്കുന്ന ബാധകളെ ദൈവം അവന് കൂട്ടിച്ചേർക്കും; ഈ പ്രവചനചുരുളിന്റെ വചനങ്ങളിൽനിന്ന് ആരെങ്കിലും എടുത്തുകളഞ്ഞാൽ, ഈ ചുരുളിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിൽനിന്നും വിശുദ്ധ നഗരത്തിൽനിന്നുമുള്ള അവന്റെ പങ്കിനെ ദൈവം എടുത്തുകളയും." വാക്യം 18-ലെ "ഞാൻ" 16-ഉം 20-ഉം വാക്യങ്ങളനുസരിച്ച് കർത്താവായ യേശു ആയിരിക്കണം, അല്ലെങ്കിൽ 1:2 അനുസരിച്ച് അത് യോഹന്നാനെ ആയിരിക്കാം പരാമർശിക്കുന്നത്. എങ്ങനെ ആയാലും, ഈ ഗൗരവമുള്ള മുന്നറിയിപ്പിൽ യോഹന്നാൻ ആത്മാവിൽ കർത്താവിനോട് ഒന്നായിരുന്നു.

ഈ മുന്നറിയിപ്പിന്റെ ഒന്നാമത്തെ വശം ഈ പുസ്തകത്തിലെ പ്രവചനത്തിന്റെ വചനങ്ങളോട് യാതൊന്നും കൂട്ടിച്ചേർക്കരുതെന്നും, രണ്ടാമത്തെ വശം പ്രവചനത്തിന്റെ വചനങ്ങളിൽനിന്നും യാതൊന്നും എടുത്തുകളയരുതെന്നും ആണ്. കൂട്ടിച്ചേർക്കുന്നവർ

ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ബാധകൾ സ്വീകരിക്കുകയും, എടുത്തുകളയുന്നവർക്ക് ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലുമുള്ള അവരുടെ പങ്കിനെ അവരിൽനിന്നും എടുത്തുകളയുകയും ചെയ്യും. വെളിപ്പാട് പുസ്തകത്തിൽ അനാവരണം ചെയ്തിരിക്കുന്ന മുഖ്യമായ ബാധകൾ മഹോപദ്രവത്തിലെ മൂന്നു കഷ്ടങ്ങളും രണ്ടാം മരണവും, അതായത്, ആത്മാവും ദേഹിയും ദേഹവും ചേരുന്ന മുഴുവൻ മനുഷ്യന്റെ തീപ്പൊയ്കയിലുള്ള നാശവും, ആണ്.

വെളിപ്പാട് പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന അനുഗ്രഹത്തിന്റെ വിശിഷ്ടമായ സവിശേഷതകൾ ജീവവൃക്ഷവും വിശുദ്ധനഗരവും ആണ്. ഒരുവൻ ബാധകൾ സഹിക്കുമോ, അതൊ അനുഗ്രഹത്തിൽ ഓഹരിക്കാരനായിരിക്കുമോ എന്നത് അവൻ ഈ പുസ്തകത്തിലെ പ്രവചനത്തോട് എങ്ങനെ ഇടപെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. നാം അതിനോടു കൂട്ടിച്ചേർക്കുകയോ അതിൽനിന്നും എടുത്തുകളയുകയോ ചെയ്യരുത്. എഴുതിയിരിക്കുന്നതുപോലെ നാം അതിനെ സ്വീകരിക്കണം. നിങ്ങളുടെ ധാരണയെയും, നിങ്ങളുടെ ചിന്തയെയും, നിങ്ങളുടെ ആശയത്തെയും, നിങ്ങളുടെ അഭിപ്രായത്തെയും, നിങ്ങളുടെ ഉപദേശത്തെയും, നിങ്ങളുടെ പഠിപ്പിക്കലിനെയും, നിങ്ങളുടെ ദൈവശാസ്ത്രത്തെയും ഈ പുസ്തകത്തോട് കൂട്ടിച്ചേർക്കാതിരിക്കുക. അതിൽനിന്ന് യാതൊന്നും എടുത്തുകളയുകയും അരുത്. നിങ്ങൾ ഈ പുസ്തകത്തോട് ചേർക്കുന്നുവെങ്കിൽ, നിങ്ങൾ കഷ്ടം സഹിക്കും; നിങ്ങൾ അതിൽനിന്നും എടുത്തുകളഞ്ഞാൽ, അനുഗ്രഹങ്ങൾ, മുഖ്യമായും ജീവവൃക്ഷത്തിന്റെയും വിശുദ്ധനഗരത്തിന്റെയും അനുഗ്രഹങ്ങൾ, നഷ്ടപ്പെടുത്തും. ഇത് ഗൗരവമേറിയ ഒരു മുന്നറിയിപ്പാണ്. നാം ഈ മുന്നറിയിപ്പ് കേൾക്കുന്നുവെങ്കിൽ, ഈ പുസ്തകത്തിലുള്ള വചനത്തെ കൃത്യമായി അതിൽ എഴുതിയിരിക്കുന്നതുപോലെതന്നെ നാം എടുക്കും.

## XI. കർത്താവിന്റെ വരവിനെ സംബന്ധിച്ചുള്ള എഴുത്തുകാരന്റെ വാഞ്ഛയും പ്രാർഥനയും

വാക്യം 20 പറയുന്നു, "ഈ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു, അതേ, ഞാൻ വേഗം വരുന്നു. ആമേൻ. കർത്താവായ യേശുവേ, വരേണമേ!" ഈ വാക്യത്തിന്റെ ഒന്നാം ഭാഗം അവൻ വേഗം വരുന്നതിനെക്കുറിച്ച് ഈ അധ്യായത്തിലുള്ള കർത്താവിന്റെ മൂന്നാമത്തെ മുന്നറിയിപ്പാണ്. അവസാനത്തെ ഭാഗം കർത്താവിന്റെ മുന്നറിയിപ്പിനോടുള്ള യോഹന്നാന്റെ പ്രാർഥനയും പ്രതികരണവുമാണ്. ഇത് വേദപുസ്തകത്തിലെ അവസാനത്തെ പ്രാർഥനയും ആണ്. ഈ പുസ്തകം വായിച്ചതിനുശേഷം, നമുക്കും ഇങ്ങനെയുള്ള ഒരു പ്രാർഥനയും പ്രതികരണവും ഉണ്ടായിരിക്കണം—"കർത്താവായ യേശുവേ, വരേണമേ!" ഇത്

യോഹന്നാന്റെ വാഞ്ഛ ഒരു പ്രാർഥനയായി പ്രകടിപ്പിച്ചതാണ്. അതുകൊണ്ട്, മുഴുവൻ വേദപുസ്തകവും കർത്താവിന്റെ വരവിനുവേണ്ടിയുള്ള വാഞ്ഛയെ ഒരു പ്രാർഥനയായി പ്രകടിപ്പിച്ചു കൊണ്ട് അവസാനിപ്പിച്ചിരിക്കുന്നു.

## XII. സകല വിശുദ്ധന്മാർക്കുമുള്ള എഴുത്തുകാരന്റെ അനുഗ്രഹം

ഉപസംഹരിച്ചുകൊണ്ടുള്ള ഈ പ്രാർഥനയ്ക്കുശേഷം, "കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മരോടുംകൂടെ ഇരിക്കട്ടെ. ആമേൻ" എന്നു പറഞ്ഞുകൊണ്ട് എഴുത്തുകാരൻ വായനക്കാർക്ക് ഒരു അനുഗ്രഹം നൽകുന്നു. ഈ പുസ്തകം സ്വീകരിക്കുവാനും, അതിനെ കാക്കുവാനും, അതിൽ ജീവിക്കുവാനും നമുക്ക് ഈ കൃപ ആവശ്യമാണ്. ഈ പുസ്തകത്തിലെ സകല ദർശനങ്ങളും കാണുകയും സകല പ്രവചനങ്ങളും കേൾക്കുകയും ചെയ്തതിനുശേഷം, അപ്പോഴും നമുക്ക് കർത്താവിന്റെ കൃപ ആവശ്യമാണ്. കർത്താവായ യേശുവിന്റെ കൃപയ്ക്കു മാത്രമേ ഈ ദർശനങ്ങൾക്കും പ്രവചന ങ്ങൾക്കുമൊത്തവണ്ണം ജീവിക്കുവാനും നടക്കുവാനും നമ്മെ പ്രാപ്തരാക്കുവാൻ കഴിയുകയുള്ളൂ. ഈ പുസ്തകം മാത്രമല്ല, മുഴുവൻ വേദപുസ്തകവും ഈ കൃപയോടുകൂടി അവസാനിക്കുന്നു; നാമും അവനും പരസ്പരം നിത്യതയോളം പൂർണ്ണ സംതൃപ്തിയും സമ്പൂർണ്ണ വിശ്രമവും ആസ്വദിക്കേണ്ടതിന് അവന്റെ നിത്യനിർണ്ണയത്തിന്റെ നിറവേറലിനുവേണ്ടി നാം അവന്റെ നിത്യമായ സംഘാത ആവിഷ്കാരമായിത്തീരുവാൻ സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അനുഭവമാക്കുവാനും ത്രിയേക ദൈവത്തിൽ പങ്കുകൊള്ളുവാനുമുള്ള കൃപയാണിത്.